LIBRARY ARCHIVES Kerala Legislative Assembly

ഉപാധിരഹിത പട്ടയങ്ങൾ

114(1180) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ഉപാധി രഹിത പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം നൽകാമോ;

(ബി) പ്രസ്തുത പട്ടയങ്ങളിലെ ഉപാധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഈ പട്ടയങ്ങൾ എന്നു മുതലാണ് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ നിലവിലുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള ഏത് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണോ പട്ടയം നൽകിയിട്ടുള്ളത്, പ്രസ്തുത ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കാൻ പട്ടാദാർ ബാധ്യസ്ഥനാണ്. പഞ്ചായത്ത് പ്രദേശത്ത് പതിച്ച് നൽകുന്ന കൈവശഭൂമികൾ അന്യാധീനപ്പെടുത്തുന്നതിനുള്ള നിയന്ത്രണം നീക്കിക്കൊണ്ട് ജി.ഒ. (പി) 425/2014/ആർ.ഡി. തീയതി 30-9-2014 പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 24-12-2013 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ഭേദഗതി ഉത്തരവായ തീയതി മുതൽ നൽകിയ പട്ടയങ്ങൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥ ബാധകമാണ്. പ്രസ്തുത ഭേദഗതികൾക്കനുസൃതമായി പട്ടയഫാറത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഫോറങ്ങളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

പട്ടയ ലഭ്യത

115(1181) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണപാറയിലെയും നിവാസികൾക്ക് പട്ടയം നൽകുന്നതിനായി